**<u>15 -ാം കേരള നിയമസഭ</u>**

**<u>2 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3663</u>** **<u>05-08-2021 - ൽ മറുപടിയ്ക്ക്</u>**

**<u>കേരള ബാങ്കിന്റെ ഓഹരികൾ</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അബ്ദുൽ ഹമീദ് പി | | **Shri. V. N. Vasavan**<br>**(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി)** | |
| (എ) | 2021 ഏപ്രിൽ 1ന് പ്രാബല്യത്തിൽ വന്ന ബാങ്കിംഗ് ഭേദഗതി നിയമത്തിന്റെ അടിസ്ഥാനത്തിൽ കേരളാ ബാങ്കിന്റെ സ്പെഷ്യൽ ഷെയറുകൾ, പ്രിഫറൻസ് ഷെയർ, ഓർഡിനറി ഷെയർ എന്നിവ സംസ്ഥാനത്തെ ഏതൊരു വ്യക്തിക്കും വിൽക്കുവാനുള്ള അധികാരം ഉണ്ടോ; വ്യക്തമാക്കാമോ; | (എ) | 2020-ലെ ബാങ്കിംഗ് റെഗുലേഷൻ (ഭേദഗതി) നിയമത്തിലൂടെ വകുപ്പ് 12-ൽ വരുത്തിയ ഭേദഗതി പ്രകാരം അർബൻ സഹകരണ ബാങ്കുകൾ, ജില്ലാ സഹകരണ ബാങ്കുകൾ, സംസ്ഥാന സഹകരണ ബാങ്കുകൾ എന്നിവയ്ക്ക് ബാങ്കുകളിൽ അംഗങ്ങളായവരും ബാങ്കിന്റെ പ്രവർത്തനപരിധിയിലുള്ള ആളുകൾക്ക്, ബൈലോ വ്യവസ്ഥകൾക്കനുസരിച്ച് ഇക്വിറ്റി ഓഹരികൾ അനുവദിക്കുന്നതിനും, RBI യുടെ മുൻകൂർ അനുമതി വാങ്ങിയ ശേഷം ഇക്വിറ്റി ഷെയറുകൾ, പ്രിഫറൻസ് ഷെയറുകൾ, സ്പെഷ്യൽ ഷെയറുകൾ എന്നിവ മുഖവിലയ്ക്കോ പ്രീമിയത്തിലോ public issue, private placement of share, എന്നിവ മുഖേന നടത്താവുന്നതാണ്.ഈ വിഷയത്തിലുള്ള റിസർവ് ബാങ്കിന്റെ മാർഗ നിർദ്ദേശം ലഭ്യമാകുന്ന മുറക്ക് ഈ വിഷയത്തിൽ ഒരു വ്യക്തതയുണ്ടാകുന്നതാണ്. |
| (ബി) | പ്രിഫറൻസ് ഷെയറുകൾ ആണെങ്കിൽ ആ ഷെയറുകൾക്ക് എല്ലാ വർഷവും ബാങ്ക് വാഗ്ദാനം ചെയ്യുന്ന ഡിവിഡന്റ് കൊടുക്കുവാൻ ബാധ്യസ്ഥരാണോ; | (ബി) | 2020-ലെ ബാങ്കിംഗ് റെഗുലേഷൻ (ഭേദഗതി) നിയമത്തിലൂടെ വകുപ്പ് 12-ൽ വരുത്തിയ ഭേദഗതി പ്രകാരം അർബൻ സഹകരണ ബാങ്കുകൾ, ജില്ലാ സഹകരണ ബാങ്കുകൾ, സംസ്ഥാന സഹകരണ ബാങ്കുകൾ എന്നിവയ്ക്ക് ബാങ്കുകളിൽ അംഗങ്ങളായവരും ബാങ്കിന്റെ പ്രവർത്തനപരിധിയിലുള്ള ആളുകൾക്ക്, ബൈലോ വ്യവസ്ഥകൾക്കനുസരിച്ച് ഇക്വിറ്റി ഓഹരികൾ അനുവദിക്കുന്നതിനും, RBI യുടെ മുൻകൂർ അനുമതി വാങ്ങിയ ശേഷം ഇക്വിറ്റി ഷെയറുകൾ, പ്രിഫറൻസ് ഷെയറുകൾ, സ്പെഷ്യൽ ഷെയറുകൾ എന്നിവ മുഖവിലയ്ക്കോ പ്രീമിയത്തിലോ public issue, private placement of share, എന്നിവ മുഖേന നടത്താവുന്നതാണ്.ഈ വിഷയത്തിലുള്ള റിസർവ് ബാങ്കിന്റെ മാർഗ നിർദ്ദേശം ലഭ്യമാകുന്ന മുറക്ക് ഈ വിഷയത്തിൽ ഒരു വ്യക്തതയുണ്ടാകുന്നതാണ്. |

| | | | |
|---|---|---|---|
| (സി) | ഇത്തരത്തിൽ കേരള ബാങ്കിന്റെ ഓഹരി വിൽക്കുവാനും അതിൽ തന്നെ ചില ഷെയറുകൾക്ക് മുൻഗണന ക്രമത്തിൽ ലാഭവിഹിതം നൽകുവാനും വ്യവസ്ഥ ചെയ്ത സാഹചര്യത്തിൽ കേരളാ ബാങ്കിന്റെ മൂലധനത്തിൽ ബഹുഭൂരിഭാഗവും സംഭാവന നൽകിയിരിക്കുന്ന പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾക്ക് എന്ത് പ്രതിഫലം കിട്ടാനാണ് സാധ്യതയെന്ന് വ്യക്തമാക്കാമോ? | (സി) | 1969-ലെ കേരള സഹകരണ സംഘം നിയമത്തിൽ ഓഹരികൾ വിൽക്കുന്നതിനും പ്രിഫറൻസ് ഓഹരികൾ നൽകുന്നതിനും അനുമതി നൽകുന്ന വ്യവസ്ഥകളില്ല. നിലവിലെ സാഹചര്യത്തിൽ കേരള സംസ്ഥാന സഹകരണ ബാങ്കിൽ ഓഹരിയെടുത്തിട്ടുള്ള പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾക്ക് 1969-ലെ കേരള സഹകരണ സംഘം നിയമത്തിലെ വ്യവസ്ഥകൾക്കും ബാങ്കിന്റെ നിയമാവലി വ്യവസ്ഥകൾക്കും റിസർവ്വ് ബാങ്ക് നിബന്ധനകൾക്കും വിധേയമായുള്ള ഡിവിഡന്റ് ലഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ